ശ്രീ. കെ. ബാർഗ്ഗവൻ : അലോചന ആരംഭിച്ചിട്ട് എത്ര കാലമായി?

ശ്രീ. കെ. പി. ഗോപാലൻ: റിപ്പോർട്ട് കിട്ടിക്കഴിഞ്ഞതിനുശേഷം അ റിപ്പോർട്ട് പരിശോധിക്കേണ്ടതായിട്ടുണ്ട്. അതു് ഉടൻതന്നെകൊണ്ടിരിക്കുക യാണ് എന്നു ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. ബാർഗ്ഗവൻ : കശുവണ്ടി ഇറക്കുമതിക്കു് ഒരു കാർപ്പറേഷൻ രൂപീകരിക്കുന്നതു് ആശാസ്യമാണെന്നു് ഗവണ്മെൻറിനു തോന്നിയിട്ടു് എത്ര കാലമായി?

ശ്രീ. കെ. പി. ഗോപാലൻ : ഗവണ്മെൻറിനു് തോന്നിയിട്ടു എത്ര കാല മായി എന്നുള്ളതിനു പ്രസക്തിയില്ല. ഗവണ്മെൻറതേക്കുറിച്ചു് അഡ്വൈസറി ക്കമ്മറിയുമായി ആലോചിച്ചു് ആ കാര്യത്തിൽ ഒരു റിപ്പോർട്ടു വരുത്തി. അതു പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. ബാർഗ്ഗവൻ: കാർപ്പറേഷൻ രൂപീകരിക്കുന്ന കാര്യം തിരുക്കൊ ച്ചി മന്ത്രിസഭായോഗത്തിൽ തീരുമാനിച്ചതനുസരിച്ചു് പ്രവർത്തിച്ചുകൊണ്ടിരുന്നില്ലേ?

ശ്രീ. കെ. പി. ഗോപാലൻ : തിരുക്കൊച്ചി മന്ത്രിസഭായോഗത്തിലെ തീരുമാനമനു സരിച്ചുള്ള പ്രവർത്തനവും കാർപ്പറേഷൻ രൂപീകരിക്കുന്ന കാര്യവും രണ്ടും രണ്ടാണു്. കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള കാർപ്പറേഷൻ രൂപീകരി ക്കുന്നതിനെ സംബന്ധിച്ചിടത്തോളം കശുവണ്ടി ഫാക്ടറി ഉടമസ്ഥന്മാരു മായി ആലോചിച്ചതിൽ അവരിൽ അധികം ആളുകളും ഇതിനുവേണ്ടി സഹ കരിക്കാത്ത ഒരു നിലപാടാണു് എടുത്തിട്ടുള്ളതു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ കശുവണ്ടി ഏതു രാജ്യങ്ങളിൽ നിന്നാണു് ഇറക്കുമതി ചെയ്തിട്ടുള്ളതു്?

ശ്രീ. കെ. പി. ഗോപാലൻ : അധികവും ആഫ്രിക്കയിൽനിന്നാണു്.

ശ്രീ. പി. ടി. ചാക്കോ : ഇപ്പോൾ ആലോചിച്ചുകൊണ്ടിരി ക്കുന്നതു് ഫാക്ടറി ഉടമസ്ഥരെ സഹകരിപ്പിക്കുന്ന മാർഗ്ഗങ്ങളെപ്പറ്റിയാണോ, അതോ, കാർപ്പറേഷന്റെ രൂപീകരണത്തെപ്പറ്റിയാണോ?

ശ്രീ. കെ. പി. ഗോപാലൻ : അഡ്വൈസറിക്കമ്മിറ്റിയുമായി വീണ്ടും ആലോചിക്കേണ്ട കാര്യമുണ്ടു്. വീണ്ടും അതുകൊണ്ടു് കൂടിച്ചു് കാലതാമസ മുണ്ടായി.

ശ്രീ. പി. ടി. ചാക്കോ: ഫാക്ടറി ഉടമകളുടെ സഹകരണം ഉണ്ടാകു ന്നതിലേയ്ക്കു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: അതേക്കുറിച്ചു് കശുവണ്ടി അഡ്വൈസറി കമ്മിറ്റിയുമായി ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അതിൽ കാഷ്യൂ ഫാക്ടറി ഓണേഴ്സിന്റെ പ്രതിനിധികളുമുണ്ടു്. അപ്പോൾ അവരുമായി ഗവണ്മെൻറു് ഇതേക്കുറിച്ചു് എന്തുചെയ്യണമെന്നു് പരിശോധിച്ചുകൊണ്ടിരിക്ക കയാണു്.

Loan.

* 1412. [42] **Shri M. C. Abraham**: Will the Minister for Finance be pleased to state whether the Government intend to float a loan this year?

Minister for Finance (**Shri C. Achutha Menon**): Yes.

ശ്രീ. എം. നാരായണക്കുറുപ്പു്: എത്ര രൂപയുടെ ലോൺ ഫ്ലോട്ടു ചെയ്യാ നാണു് ഉദ്ദേശിക്കുന്നതു്?

Shri C. Achutha Menon: Four crores.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം നാരായണക്കുറുപ്പ് : അതിനു കേന്ദ്രഗവണ്മെന്റിന്റെ അനുവാദം കിട്ടിക്കഴിഞ്ഞോ?

ശ്രീ. സി. അച്യുതമേനോൻ : കേന്ദ്രഗവണ്മെന്റിന്റെ അനുവാദം വേണ്ടാ, റിസർവ്വ് ബാങ്കിന്റെ മതി.

ശ്രീ. എം. നാരായണക്കുറുപ്പ് : അതു കിട്ടിയോ?

ശ്രീ. സി. അച്യുതമേനോൻ : ഉവ്വ്.

ശ്രീ. എം. നാരായണക്കുറുപ്പ് : അതിന്റെ നിബന്ധനകൾ എന്തെല്ലാമാണ്?

ശ്രീ. സി. അച്യുതമേനോൻ : അതു ഫ്ലോട്ടു ചെയ്യുന്ന അവസരത്തിൽ പറയാം. ഇഷ്യൂപ്രൈസ് എന്താണ്, ഇൻറെറസ്റ്റ് എന്താണ് എന്നെല്ലാം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

പുനലൂർ പേപ്പർ മില്ലിലെ മലിനജലം.

* 1413. [44] ശ്രീ. ആർ. സുശീലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ പേപ്പർ മില്ലിൽനിന്നും കുഴൽവഴി കല്ലടയാറ്റിലേക്കു തുറന്നുവിടുന്ന വിഷദ്രാവകം കലർന്ന മലിനജലം കലർന്ന് നദിയിലെ വെള്ളം വിഷമയമാകുന്നതായി ഗവണ്മെന്റിനറിയാമോ ;

(ബി) ഈ നദിയിൽ കുളിക്കുന്നവർക്കും, നദിയിൽനിന്നു വെള്ളം കുടിക്കുന്ന കന്നുകാലികൾക്കും, രോഗം പിടിപെടാറുണ്ടെന്ന് അറിയാമോ;

(സി) പൊതുജനദ്രോഹകരമായ ഈ നടപടിയിൽനിന്നു പേപ്പർമിൽ ഉടമയെ പിൻതിരിപ്പിക്കുവാൻ ഗവണ്മെന്റു തുനിയുമോ ?

വ്യവസായവകുപ്പുമന്ത്രി : (ശ്രീ. കെ. പി. ഗോപാലൻ) :

(എ) ഇപ്പോൾ കമ്പനി ഒരു സോഡാ റെക്കവറി പ്ലാൻറു സ്ഥാപിച്ചിട്ടുണ്ട്. അതിനാൽ വിഷദ്രാവകം കലർന്ന വിഷവെള്ളം നദിയിലേക്കു വരേണ്ട ആവശ്യമില്ലെന്നാണറിയുന്നതു്.

(ബി) അപ്രകാരം ഈ അടുത്ത കാലത്തു സംഭവിക്കുന്നതായി ഗവണ്മെന്റിനറിവില്ല.

(സി) പൊതുജനദ്രോഹകരമായ എന്തെങ്കിലും ഉണ്ടെന്നു വ്യക്തമാകുന്നപക്ഷം അനേക്ഷിച്ചു് വേണ്ട നടപടി ഗവണ്മെന്റു സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ സോഡാ റെക്കവറി പ്ലാൻറു സ്ഥാപിച്ചതുകൊണ്ടു് ഈ വിഷദ്രാവകം കലർന്ന മലിനജലം നദിയിൽ ഒഴുകിച്ചേരുന്നതിനെ തടയുന്നതിനു് കഴിയുമെന്നാണോ കമ്പനി ഗവണ്മെന്റിനെ അറിയിച്ചിട്ടുള്ളതു്?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെയാണ് അറിയിച്ചിട്ടുള്ളതു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ സോഡാറെക്കവറിപ്ലാൻറു സ്ഥാപിച്ചിട്ടുള്ളതു് സോഡാറെക്കവർ ചെയ്യുകമ്പനിയുടെ ആവശ്യത്തിലേക്കു് എടുക്കാനാണെന്നുള്ള വിവരം ഗവണ്മെന്റിനറിവുണ്ടോ ;

ശ്രീ. കെ. പി. ഗോപാലൻ : അതേക്കുറിച്ചു് അനേക്ഷിച്ചിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ പ്ലാൻറു സ്ഥാപിച്ചതു് പേപ്പർ മില്ലിന്റെ ആവശ്യത്തിലേക്കാണെന്നും, അവിടെനിന്നും ഈ വിഷദ്രാവകം കലർന്ന ജലം കല്ലടയാറ്റിലാണ് ഒഴുകിപ്പോകുന്നതെന്നും ഗവണ്മെൻറു മനസ്സിലാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly